# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5013** **28.10.2016 ൽ മറുപടിയ്ക്ക്**

## നാളികേര ഉത്പാദനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ.എ.പി.അനിൽ കുമാർ**<br>**ശ്രീ.പി.ടി.തോമസ്**<br>**ശ്രീ.വി.റ്റി.ബൽറാം.** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ നാളികേര ഉത്പാദനം ഇപ്പോൾ ഒരു ഹെക്ടറിന് ശരാശരി എത്രയാണെന്ന് വിശദമാക്കാമോ; | എ) സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച 'കാർഷിക സ്ഥിതിവിവര കണക്ക് 2014-15 ' പ്രകാരം സംസ്ഥാനത്ത് ഒരു ഹെക്ടറിൽ നിന്നും 7491 നാളികേരമാണ് ഉത്പാദിപ്പിക്കുന്നത്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 206-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ, 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കുന്നത്. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 80 എണ്ണം വരെ നൽകുന്നതിന് 1.6 ലക്ഷം |

രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 42 ഹെക്ടറിലേയ്ക്കായി 10.5 ലക്ഷം രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 15 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 15 യൂണിറ്റുകൾക്ക് 1.5 ലക്ഷം രൂപയും, ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും നൽകി വരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘാടന ചിലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ, പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേരസമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

S. [signature]

**സെക്ഷൻ ഓഫീസർ**